പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1356 | 04.02.2019-ന് മറുപടിക്ക് |

**ഈരാറ്റുപേട്ട ബൈപാസിനുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി.ജോർജ്ജ് | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈരാറ്റുപേട്ട ബൈപാസിന്റെ റീച്ച്-1, റീച്ച്-2 സ്ഥലമേറ്റെടുക്കൽ നടപടികൾ എത്ര നാളുകൾക്കകം പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ; | (എ) | ഈരാറ്റുപേട്ട ബൈപ്പാസ് വികസനവുമായി ബന്ധപ്പെട്ട് റീച്ച് 1-ൽ 1.26 ഹെക്ടറും റീച്ച്-2-ൽ 1.24 ഹെക്ടറും ഉൾപ്പെടെ 2.50 ഹെക്ടർ സ്ഥലം എൽ.എ.ആർ.ആർ ആക്ട് 2013 പ്രകാരം ഏറ്റെടുക്കുന്നതിന് പുതുക്കിയ അർത്ഥനാപത്രം യഥാക്രമം 27.11.2018, 19.12.2018 എന്നീ തീയതികളിൽ ലഭിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ റീച്ച് - 1, റീച്ച് - 2 ന്റെ സാമൂഹ്യാഘാത പഠനം നടത്തുന്നതിനുള്ള പുതുക്കിയ 4(1) നോട്ടിഫിക്കേഷൻ യഥാക്രമം 07.01.2019, 17.01.2019 എന്നീ തീയതികളിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. സ്ഥലമേറ്റെടുക്കൽ നടപടികൾ ഉദ്ദേശം ഒന്നര വർഷത്തിനകം പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത വിഷയം സംബന്ധിച്ചുള്ള പ്രശ്നങ്ങൾ പരിഹരിക്കുവാൻ റവന്യൂ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും മീറ്റിംഗ് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ